മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് കേന്ദ്ര വിഹിതം നിർത്തലാക്കുന്ന നടപടി

47 (4102) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ നൽകി വരുന്ന മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് കേന്ദ്ര വിഹിതം നിർത്തലാക്കുന്നു എന്നും അതെ തുടർന്ന് സംസ്ഥാനം എം.ഡി.എ. നിർത്തലാക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിജസ്ഥിതി വ്യക്തമാക്കുമോ ; കയർ മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കുന്ന പ്രസ്തുത തീരുമാനം എപ്രകാരമാണ് സംസ്ഥാന സർക്കാർ നേരിടാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ ;

(സി) എം.ഡി.എ. നിർത്തലാക്കിയാൽ കയർ മേഖലയെ രക്ഷിക്കാൻ 20% റിബേറ്റ് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) ബാധകമല്ല

(സി) എം.ഡി.എ. നിർത്തലാക്കുന്ന പക്ഷം സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ചകിരിനാര് കൊണ്ടുള്ള സഞ്ചികൾ

48 (4103) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാചറൽ ഫൈബർ ആയ ചകിരിനാര് കൊണ്ടുള്ള സഞ്ചികൾ ഇപ്പോൾ എവിടെയെങ്കിലും നിർമ്മിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് മാർക്കറ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇത്തരത്തിലുള്ള യൂണിറ്റുകൾ അയൽക്കൂട്ടങ്ങളുടെ മേൽനോട്ടത്തിൽ തുടങ്ങുന്നതിനായി വേണ്ട ട്രെയിനിംഗ് നൽകാൻ കയർ ബോർഡിന് കഴിയുമോ ;

(സി) ഇത്തരം സഞ്ചികൾക്ക് ലോക വിപണിയിൽ കനത്തോളം കണ്ടെത്തുന്നതിന് കയർ ബോർഡ് ശ്രമിക്കുമോ ?

ഉത്തരം

(എ) ചകിരിനാര് ഉപയോഗിച്ച് 1000 മീറ്റർ റണ്ണേജുള്ള കയർ പിരിച്ച് കയർ പൊതുമേഖലാ സ്ഥാപനമായ കോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് സഞ്ചി പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഞ്ചി നിർമ്മിക്കുന്നതിന് വേണ്ടി കയർ പിരിക്കുന്നതിന് നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡും ചേർന്ന് പരിശീലനം നൽകിവരുന്നു.

(സി) കയർബോർഡ് കേന്ദ്ര ഏജൻസിയാണ്. അതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന് പറയാൻ കഴിയില്ല. എന്നാൽ സംസ്ഥാന പോതുമേഖലാ സ്ഥാപനമായ ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് നിലവിൽ പങ്കെടുക്കുന്ന ഫെയറുകളിൽ ടി സഞ്ചികൾ പ്രദർശിപ്പിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഒരു വീട്ടിൽ ഒരു കയറുല്പന്നം

49 (4104) ശ്രീ. പി. തിലോത്തമൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കയർ ഭൂവസ്ത്രം പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കയർ ഭൂവസ്ത്രം വിപണനം നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ ഈ വർഷം എത്ര ചതുരശ്രമീറ്റർ വിപണനം നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009 ഓണക്കാലയളവിൽ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 2010 ഓണക്കാലയളവിലും ഇത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ പദ്ധതി പ്രകാരം കയർഫെഡ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, മാറ്റ്സ് ആന്റ് മാറ്റിംഗ്സ്, ചെറുകിട ഉൽപ്പാദക സംഘങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങൾ പരമാവധി വിറ്റഴിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഏകദേശം 20 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ഈ പദ്ധതി പ്രകാരം വിറ്റഴിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓണക്കാലയളവിൽ സംഘടിപ്പിക്കുന്ന മെട്രോ ഫെയറുകൾ, മറ്റ് വിൽപ്പന മേളകൾ, കുടുംബശ്രീ സംവിധാനങ്ങൾ, കയർഫെഡിന്റേയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റേയും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. ന്റെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖാന്തിരം വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചി

LIBRARY ARCHIVES Kerala Legislative Assembly